# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*134

08-06-2018 ൽ മറുപടിയ്ക്ക്

## കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എ.എം. ആരിഫ്
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.കെ. ബാബു

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും സംഘടിപ്പിക്കാനുദ്ദേശിക്കുന്ന കർഷക സഭയുടെ ലക്ഷ്യം വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് പ്രധാന ഞാറ്റുവേലകളായ മകയിരം ഞാറ്റുവേല മുതൽ തിരുവാതിര ഞാറ്റുവേല വരെയുള്ള കാലയളവിലാണ് സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കർഷകസഭ നടപ്പിലാക്കുന്നത്. മകയിരം, തിരുവാതിര എന്നീ 2 ഞാറ്റുവേലകളാണ് ഈ കാലയളവിൽ ഉള്ളത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർഷകസഭകൾ സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളേയും കൃഷി ഭവൻ/ജില്ലാ/സംസ്ഥാന തലങ്ങളിലെ കാർഷിക വികസന സമിതി അംഗങ്ങളേയും കർഷക സഭകളിൽ പങ്കെടുപ്പിച്ച് കൃഷി വകുപ്പിന്റെയും കൃഷിഭവന്റെയും സേവനം ഏറ്റവും താഴെതട്ടിൽ എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷകസഭകൾക്കുള്ളത്. കൃഷിവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും കർഷകസഭയിൽ |

| | | | |
|---|---|---|---|
| | | | അവസരം ലഭിക്കും. ഇതിനുപുറമേ എല്ലാ കൃഷിഭവനുകളിലും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഞാറ്റുവേല ചന്തകൾ വഴി, കൃഷി വകുപ്പ്, കേരള കാർഷിക സർവകലാശാല, കൃഷി വകുപ്പിന്റെ കീഴിലെ മറ്റ് ഏജൻസികൾ തുടങ്ങിയവ ഉല്പാദിപ്പിച്ച ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, ഉല്പാദനോപാധികൾ എന്നിവ വില്പന നടത്തുന്നതാണ്. കർഷകർ പരമ്പരാഗതമായി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ഇനങ്ങളുടെ വിൽപ്പനയും കൈമാറ്റവും സംഘടിപ്പിക്കുകയും ജൈവ ഉല്പാദനോപാധികളുടെയും ജൈവ നിയന്ത്രണോപാധികളുടെയും വിൽപ്പനയും നടത്തി വരുന്നു. മണ്ണ് പരിശോധന ശാലകളുടെ സേവനം, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കർഷകർക്ക് ആവശ്യമായ പശ്ചാത്തല വികസനം, ജലസേചന പദ്ധതികൾ എന്നിവയിൽ മറ്റ് വകുപ്പുകൾ നടത്തേണ്ട ഇടപെടലുകൾ സംബന്ധിച്ച് കർഷകരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളെയോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയോ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. മണ്ണ് പര്യവേഷണം-സംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയിലെ ഉദ്യോഗസ്ഥരെ കർഷകസഭകളിൽ പങ്കെടുപ്പിക്കുന്നുണ്ട്. |
| (ബി) | കൃഷിയിൽ നിന്നുള്ള വരുമാനം ഇരട്ടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | കർഷകർക്ക് വരുമാന വർദ്ധനവിനും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം, ഉന്നത നിലവാരമുള്ള മേൽത്തരം നടീൽവസ്തുക്കളുടെ ഉപയോഗം, ശാസ്ത്രീയ വളപ്രയോഗം, വിളകളെ ആക്രമിക്കുന്ന രോഗകീടബാധ നിയന്ത്രിക്കുക, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് ആവശ്യമായ നഷ്ടപരിഹാരം നൽകുക എന്നീ ഘടകങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ഹൈടെക് അഗ്രിക്കൾച്ചർ, പച്ചക്കറികൃഷി വികസന പദ്ധതി, കൃത്യതാ കൃഷി, ജൈവകൃഷി |

| | | | |
|---|---|---|---|
| | | | രീതികളുടെ വ്യാപനം, വിള ആരോഗ്യ പരിപാലനം, മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ രൂപീകരിക്കൽ മുതലായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>കാർഷികോൽപന്നങ്ങളുടെ വില സ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി, കാർഷികോൽപന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പഞ്ചായത്തുതല കർഷക വിപണികൾ, ഇക്കോഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിച്ച് പ്രാദേശിക കാർഷിക ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നു.<br>ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും ധനസഹായം നൽകുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നത് ഉൽപാദന വർദ്ധനവിന് സഹായകമാകുന്നു.<br>മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കർഷകരുടെ വരുമാന വർദ്ധനവിനും കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (സി) | മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അഗ്രോപാർക്കുകൾ സ്ഥാപിച്ചുകൊണ്ടും, SFAC, CDB, KSCDC, KERAFED, VFPCK മുതലായ സ്ഥാപനങ്ങൾ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾക്കായി ധനസഹായം നൽകിക്കൊണ്ടും, 2016-ലും 2017-ലും VAIGA എന്ന പേരിൽ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാദ്ധ്യതകളെ പ്രചരിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും അന്തർദേശീയ ശില്പശാല സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ? | (ഡി) | 22/3/2017-ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. 13/12/2017 ലെ സ.ഉ.(കൈ) നം.1192/2017/കൃഷി ഉത്തരവ് പ്രകാരം കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി, തുടങ്ങിയ ചെറു ധാന്യങ്ങൾ, മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം, എന്നീ പ്രകൃതി ക്ഷോഭങ്ങൾക്കാണ് പദ്ധതി സംരക്ഷണം നൽകുന്നത്. 27/10/2017 ലെ സ.ഉ.(സാധാ)നം.1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ, നെൽ കൃഷിക്ക് സംസ്ഥാനത്തു എവിടെയും കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ഇത് കൂടാതെ 28/12/2017 ലെ സ.ഉ.(കൈ.)നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ / വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച്, കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. |

| | | | |
|---|---|---|---|
| | | | നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ വഴി നടപ്പാക്കിവരുന്നു. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.<br>പ്രകൃതി ക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷി നാശം തിട്ടപ്പെടുത്തേണ്ടതുമാണ്. നെൽ കൃഷിക്ക് 3 ലക്ഷം രൂപ വരെയുള്ള കൃഷി നാശത്തിനും മറ്റ് വിളകൾക്ക് 2 ലക്ഷം രൂപ വരെയുള്ള കൃഷി നാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനു മുകളിലുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**